● പ്രതികരണം ●

# യു.എൻ രക്ഷാസമിതിയുടെ ഇരട്ടത്താപ്പ്

കെ.വി മുജീബുല്ല

**ഒടുവിൽ** പ്രതീക്ഷിച്ചതുതന്നെ സംഭവിച്ചു; ഇറാനെതിരെ ഐക്യ രാഷ്ട്ര രക്ഷാസമിതി ഉപരോധം ഏർപ്പെടുത്തി. അമേരിക്കൻ സാമ്രാജ്യത്വ താൽപര്യങ്ങൾക്കുമുന്നിൽ ഒരിക്കൽകൂടി നിർലജ്ജം തലകുനിച്ചുകൊണ്ട് സാമാന്യനീതിയുടെ നഗ്നമായ ലംഘനമാണ് രക്ഷാസമിതി നടത്തിയിരിക്കുന്നത്. ആണവ നിർവ്യാപന കരാറിൽ ഒപ്പുവെച്ച രാജ്യമെന്ന നിലക്ക് സമാധാനപരമായ ആവശ്യങ്ങൾക്ക് ആണവശക്തി ഉപയോഗിക്കാൻ നിയമവിധേയമായിത്തന്നെ ഇറാനുള്ള അവകാശമാണ് (കരാറിൽ ഒപ്പുവെക്കുന്നതു കൊണ്ടുള്ള മുഖ്യ പ്രയോജനവും ഇതുതന്നെ) ഐക്യരാഷ്ട്ര രക്ഷാസമിതിയെ വരുതിയിൽനിർത്തി അമേരിക്കയിപ്പോൾ നിഷേധിച്ചിരിക്കുന്നത്.

തങ്ങളുടെ ആണവ പദ്ധതികൾ തികച്ചും സമാധാനപരമായ ഊർജോൽപാദനാവശ്യങ്ങൾക്കാണെന്ന് ആവർത്തിച്ച ഇറാൻ, യുറേനിയം സമ്പുഷ്ടീകരണം തുടരാനും തീരുമാനിച്ചിരിക്കുകയാണ്. ഇറാൻ വിദേശകാര്യ വക്താവ് മുഹമ്മദലി ഹുസൈനി പ്രമേയത്തെ നിയമവിരുദ്ധമെന്ന് വിശേഷിപ്പിച്ചു. പ്രമേയത്തെ തള്ളിക്കളഞ്ഞ ഇറാൻ പ്രസിഡന്റ് അഹ്മദി നിജാദ്, പ്രമേയം 'ഒരു തുണ്ട് കടലാസു' മാത്രമാണെന്നും പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്ത 15 രാജ്യങ്ങളും ദുഃഖിക്കേണ്ടിവരുമെന്നും പ്രസ്താവിച്ചു. ആണവായുധ നിർമാണത്തിന് തങ്ങൾക്ക് ഉദ്ദേശ്യമില്ലെന്ന് ഇറാൻ ഔദ്യോഗികമായി പലവുരു വ്യക്തമാക്കിയതാണ്. അന്താരാഷ്ട്ര ആണവോർജ ഏജൻസി(IAEA)യിലംഗമായ ഇറാന് ആണവ നിർവ്യാപന കരാറിൽ (NPT) ഒപ്പുവെച്ച രാജ്യമെന്ന നിലക്ക് യുറേനിയം സംസ്കരണത്തിന് അലംഘനീയമായ അവകാശമുണ്ട്. എന്നല്ല, മറ്റു അംഗരാഷ്ട്രങ്ങൾ ഇക്കാര്യത്തിൽ ഇറാനെ സഹായിക്കാൻ ബാധ്യസ്ഥരുമാണ്!

ആണവ നിർവ്യാപനമെന്നത് NPT-യിൽ ഒപ്പുവെച്ച അംഗരാഷ്ട്രങ്ങളുടെ മാത്രം ചുമതലയാവുകയും രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളായ ആണവശക്തികൾ തന്നെ ഇതിന്റെ നിരീക്ഷകരാവുകയും ചെയ്യുകയെന്ന വൈരുധ്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഒപ്പം, ലോകത്തിലെ അഞ്ചാമത്തെ ആണവശക്തിയായ ഇസ്രയേലിനു നേരെ തീർത്തും ഇരട്ടത്താപ്പ് നയമാണ് രക്ഷാസമിതി സ്വീകരിച്ചിരിക്കുന്നതും. ആണവായുധത്തിന്റെ കാര്യത്തിൽ ഇസ്രയേലിനു മത്സരിക്കാനുള്ളതോ ഇപ്പോൾ ഇറാനെതിരെ ശിക്ഷ വിധിച്ചിരിക്കുന്ന അതേ രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളോടും! ഇസ്രയേലിന്റെ കൈയിലുള്ള ആണവായുധങ്ങളുടെ എണ്ണത്തെക്കുറിച്ച് മാത്രമാണ് ലോകരാഷ്ട്രങ്ങൾക്ക് സംശയമുള്ളത്. NPT-യിൽ ഒപ്പുവെക്കാൻ പോലും നാളിതുവരെ തയാറായിട്ടില്ലാത്ത ഇസ്രയേലിന്റെ നടപടിയിൽ പക്ഷേ, ആണവോർജ ഏജൻസിക്കോ യു.എൻ രക്ഷാസമിതിക്കോ ഇതര അംഗരാഷ്ട്രങ്ങൾക്കോ യാതൊരു ഉത്കണ്ഠയുമില്ല. ഇറാന്റെ യുറേനിയം സംസ്കരണത്തിനെതിരെ അമേരിക്കയോടൊപ്പം ചന്ദ്രഹാസം മുഴക്കുന്ന പാശ്ചാത്യ മാധ്യമങ്ങൾക്കുമില്ല ഇക്കാര്യത്തിൽ തരിമ്പും മനഃക്ലേശം. പിറവിയുടെ പിറ്റേന്നു മുതൽ അയൽരാഷ്ട്രങ്ങൾക്കു നേരെ ആക്രമണമാരംഭിക്കുകയും അവരുടെ ഭൂപ്രദേശങ്ങൾ സ്വന്തമാക്കുകയും നിരന്തര അധിനിവേശത്തിലൂടെ അവശേഷിക്കുന്ന ഫലസ്തീൻ മണ്ണിൽപോലും വംശഹത്യ തുടരുകയും ചെയ്യുന്ന, ക്രിമിനൽ റെക്കോർഡുകൾ മാത്രം സ്വന്തമായുള്ള ഒരു രാജ്യത്തോടാണ് ഈ സൗമനസ്യം.

മാരകമായ ആണവായുധങ്ങൾ ഇസ്രയേലിന്റെ കൈവശമുണ്ടെന്നത് പരസ്യമായ രഹസ്യമാണെങ്കിലും ഇത് അംഗീകരിക്കാനോ (തെളിവുകൾ തീർത്തും തങ്ങൾക്കെതിരായതിനാൽ) നിരാകരിക്കാനോ തയാറാവാതെ അവ്യക്തതയുടെ പുകമറയിലൊളിക്കാനാണ് നാളിതുവരെ ഇസ്രയേൽ ശ്രമിച്ചുപോന്നത്. ആണവായുധങ്ങളെക്കുറിച്ച ചോദ്യമുയരുമ്പോഴൊക്കെ, 'മിഡിലീസ്റ്റിൽ ആദ്യമായി ആണവായുധമുപയോഗിക്കുന്നത് തങ്ങളായിരിക്കില്ലെ'ന്ന മറുപടിയാണ് ഇസ്രയേൽ നൽകിപ്പോന്നത്. എന്നാൽ ഇക്കഴിഞ്ഞ ഡിസംബർ 11-ന് ഒരു ജർമൻ ടെലിവിഷന് നൽകിയ അഭിമുഖത്തിൽ ഇസ്രയേലിന് ആണവായുധങ്ങളുണ്ടെന്ന് പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ട് തുറന്നുപറഞ്ഞു.

പ്രധാനമന്ത്രിയുടെ പ്രസ്താവന അപകടം മണത്തിട്ടാവാം, ഒൽമെർട്ടിന്റെ പരാമർശം 'നാക്കുപിഴ'യായിരുന്നെന്ന് ഔദ്യോഗിക വിശദീകരണമുണ്ടായി. എന്നാൽ ഒൽമെർട്ടിന്റേത് പരോക്ഷ പ്രസ്താവനയായിരുന്നെങ്കിൽ, ഇതിനു നാലു നാൾ മുമ്പ് അമേരിക്കയുടെ പുതിയ പ്രതിരോധവകുപ്പ് സെക്രട്ടറി റോബർട്ട് ഗേറ്റ്സ് ഇസ്രയേലിനെ ആണവശക്തിയായി പരസ്യമായ എണ്ണിയിരുന്നു. ഡിസംബർ 7-ന് ഒരു സെനറ്റ് കമ്മിറ്റിയോട് സംസാരിക്കവെ, അമേരിക്കൻ നേതൃത്വത്തിൽ ഇറാനെതിരെയുള്ള ആണവ ഭീഷണിയിൽ ഇസ്രയേലും പങ്കാളിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഗേറ്റ്സ് പറഞ്ഞു: "അവർ (ഇറാൻ) ആണവായുധ ശക്തികളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. കിഴക്ക് പാകിസ്താൻ, വടക്ക് റഷ്യ, പടിഞ്ഞാറ് ഇസ്രയേൽ, പേർഷ്യൻ ഗൾഫിൽ ഞങ്ങളും (അമേരിക്ക)."

മൂന്നാമത്തെ പ്രസ്താവന തെൽഅവീവിലെ ജാഫാ സെന്റർ ഫോർ സ്ട്രാറ്റജിക് സ്റ്റഡീസിന്റെ ഡയറക്ടറായ യോസ്സി ആൽഫറിന്റേതാണ്. അദ്ദേഹം പറഞ്ഞു: "തങ്ങൾക്ക് ആണവായുധങ്ങളുണ്ടോ എന്ന ചോദ്യത്തിനു നേരെ ഇസ്രയേൽ സ്വീകരിക്കുന്ന 'അവ്യക്തതാനയം' (policy of ambiguity) അയൽരാഷ്ട്രങ്ങളുമായുള്ള സന്തുലനം കാത്തുസൂക്ഷിക്കാനും പ്രസ്തുത ആയുധങ്ങൾ തങ്ങൾക്കൊരു ഭീഷണിയല്ലെന്ന് മിഡിലീസ്റ്റ് രാജ്യങ്ങൾ മനസ്സിലാക്കാനും ഉപകരിക്കും." എന്താണ് നാം മനസ്സിലാക്കേണ്ടത്? അനധികൃതമായും അതീവ രഹസ്യമായും ആണവായുധങ്ങൾ നിർമിച്ചുകൂട്ടിയിട്ടുള്ള ഇസ്രയേലല്ല, അവ നിർമിക്കാൻ സാധ്യതയുണ്ടെന്നാരോപിക്കപ്പെടുന്ന ഇറാനാണ് അയൽ രാഷ്ട്രങ്ങൾക്ക് ഭീഷണിയെന്ന്!

ഇസ്രയേലിന്റെ ആണവായുധ നിർമിതിയുടെ രഹസ്യം ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയത്, 1976 മുതൽ 1985 വരെ ഇസ്രയേലീ ഡിമോണ ആണവനിലയത്തിൽ ടെക്നീഷ്യനായി പ്രവർത്തിച്ച മുൻ ഇസ്രയേലീ ആണവവിദഗ്ധൻ മൊർദെശായി വനൂനു ആണ്. അതീവ രഹസ്യമായി താൻ കടത്തിയ 60 ഫോട്ടോകൾ സഹിതം ലണ്ടനിലെ *സൺഡേ ടൈംസി*നു നൽകിയ അഭിമുഖം 1986 ഒക്ടോബർ 5-ന് 'Revealed: the secrets of Israel's Nuclear Arsenel' എന്ന ശീർഷകത്തോടെ പത്രം പ്രസിദ്ധീകരിച്ചു. പ്രതിവർഷം 40 കിലോ പ്ലൂട്ടോണിയം ഉൽപാദിപ്പിക്കുന്ന ഭൂഗർഭ അറകൾ ഈ ഫോട്ടോകൾ വെളിപ്പെടുത്തി. പത്രം പക്ഷേ വനൂനു കണ്ടില്ല. പ്രസിദ്ധീകരണത്തിനു മുമ്പേ 'മൊസ്സാദി'ന്റെ രഹസ്യ

ഏജന്റുമാർ അദ്ദേഹത്തെ ഇസ്രയേലിലേക്ക് തട്ടിക്കൊണ്ടുപോയി തടവിലാക്കി (ഏകാന്ത തടവുൾപ്പെടെ പതിനേഴ് വർഷങ്ങളിലേറെ ജയിലിൽ കഴിഞ്ഞ വനൂനു, കടുത്ത നിയന്ത്രണങ്ങളോടെ ഇപ്പോഴും ഇസ്രയേലിൽതന്നെയാണ്).

വോട്ടെടുപ്പിന്റെ അന്നുതന്നെ രക്ഷാസമിതിയെ അഭിസംബോധന ചെയ്ത് ഐക്യരാഷ്ട്ര സഭയിലെ ഇറാനിയൻ അംബാസഡർ മുഹമ്മദ് സരീഫ് വസ്തുതകൾ നിരത്തി നടത്തിയ ശ്രദ്ധേയമായ പ്രസംഗം മാധ്യമങ്ങൾ തമസ്കരിക്കുകയായിരുന്നു. ദീർഘമായ പ്രസ്തുത പ്രസംഗത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കട്ടെ. തങ്ങൾക്ക് ആണവായുധങ്ങളുണ്ടെന്ന് പരസ്യമായി പ്രഖ്യാപിച്ച ഇസ്രയേലിനെതിരെ യാതൊരു നടപടിക്കും തയാറാവാതെ, ഇറാന്റെ തികച്ചും സമാധാനപരമായ ആണവപദ്ധതിക്കെതിരെ ഉപരോധം ഏർപ്പെടുത്തിയ രക്ഷാസമിതിയുടെ ഇരട്ടത്താപ്പിനെ നിശിതമായി വിമർശിച്ച് അദ്ദേഹം പറഞ്ഞു: "ഏതാനും ദിവസങ്ങൾക്കു മുമ്പ് മാത്രമാണ് ഇസ്രയേൽ പ്രധാനമന്ത്രി തങ്ങളുടെ ആണവായുധങ്ങളെക്കുറിച്ച് വീരവാദം മുഴക്കിയത്. അന്താരാഷ്ട്ര സുരക്ഷക്കും സമാധാനത്തിനും ആണവേതര രാഷ്ട്രങ്ങൾക്കും അതുയർത്തുന്ന ഗുരുതരമായ ഭീഷണി ചർച്ചചെയ്യുന്നതു പോകട്ടെ, ഇസ്രയേലിനെതിരെ പുരികമുയർത്താൻ പോലും തയാറാകാത്ത രക്ഷാസമിതിയാണ് ഒരു NPT അംഗരാജ്യത്തിനെതിരെ ഉപരോധം ചുമത്തുന്നത്. അവരാകട്ടെ - ഇസ്രയേലിൽനിന്നും തീർത്തും ഭിന്നമായി- ഐക്യരാഷ്ട്രസഭയിലെ ഏതെങ്കിലുമൊരു അംഗരാഷ്ട്രത്തെ ഒരിക്കൽപോലും ആക്രമിക്കുകയോ ആക്രമണ ഭീഷണി മുഴക്കുകയോ ചെയ്യാത്തവരും, ആണവായുധങ്ങൾ വികസിപ്പിക്കുന്നതും ശേഖരിക്കുന്നതും ഉപയോഗിക്കുന്നതും പ്രത്യയശാസ്ത്രപരവും തന്ത്രപരവുമായ കാരണങ്ങളാൽ വ്യക്തമായി നിരാകരിച്ചവരുമാണ്; NPT-യിൽനിന്നും തങ്ങൾ ഒരിക്കലും പിന്മാറില്ലെന്നതിന് ഉറപ്പുനൽകാൻ തയാറായവരും, തങ്ങളുടെ എല്ലാ ആണവ സംവിധാനങ്ങളും IAEA (International Atomic Energy Agency)യുടെ സുരക്ഷാ നടപടികൾക്ക് വിധേയമാക്കിയവരുമാണ്; ഏജൻസിയുടെ അധിക പെരുമാറ്റച്ചട്ടങ്ങൾ രണ്ടു വർഷത്തിലേറെക്കാലം പൂർണമായി നടപ്പാക്കിയവരും, ഇനിയും നടപ്പാക്കാൻ തയാറാണെന്ന് വ്യക്തമാക്കിയവരുമാണ്.

"തങ്ങളുടെ ആണവ സൗകര്യങ്ങളും ആണവേതര സംവിധാനങ്ങൾ പോലും ആണവോർജ ഏജൻസിയുടെ രണ്ടായിരത്തിലധികം പരിശോധനാ ദിനങ്ങൾ നീണ്ട സൂക്ഷ്മ പരിശോധനകൾക്ക് അനുവദിച്ചവരും; തദ്വാരാ, ആണവായുധ നിർമിതിക്കോ ആണവസംവിധാനങ്ങൾ ദുരുപയോഗം ചെയ്തതിനോ യാതൊരു തെളിവുമില്ലെന്ന് ഏജൻസിയിൽനിന്ന് പലവുരു റിപ്പോർട്ട് ലഭിച്ചവരുമാണ്. അർഹതയുണ്ടായിട്ടും ചർച്ചകൾക്കുവേണ്ടി രണ്ടു വർഷത്തിലേറെക്കാലം യുറേനിയം സമ്പുഷ്ടീകരണം സ്വമേധയാ നിർത്തിവെച്ചവരാണ്. ഉഭയ സ്വീകാര്യമായ ഒരു പോംവഴിക്കുവേണ്ടി നിരുപാധികവും സമയബന്ധിതവുമായ ചർച്ചകൾക്ക് എപ്പോഴും തയാറായവരാണ്.

"രക്ഷാസമിതിയുടെ പ്രമേയങ്ങൾ നിരന്തരമായി ലംഘിക്കുന്ന ഇസ്രയേലിന്റെ പാരമ്പര്യവും- അതാണ് ഇന്നത്തെ മാനദണ്ഡമെങ്കിൽ- അധിനിവേശവും ആക്രമണങ്ങളും സൈനിക നടപടികളും ഭരണകൂട ഭീകരതയും വംശീയ വിവേചനവും മാനവരാശിക്കെതിരായ ക്രൂരതകളുടെയും അതിക്രമങ്ങളുടെയും സുദീർഘവും ഇരുണ്ടതുമായ പട്ടികയും പരിഗണിക്കുമ്പോൾ, ഇസ്രയേലിന്റെ കൈവശമുള്ള ആണവായുധങ്ങൾ പ്രാദേശികവും രാഷ്ട്രാന്തരീയവുമായ സുരക്ഷക്കും സമാധാനത്തിനും അങ്ങേയറ്റം ഭീഷണിയാണ്.

"ആണവായുധ വിഷയത്തിൽ ഇസ്രയേൽ തുടരുന്ന 'തന്ത്രപരമായ അവ്യക്തത'യുടെ മുഖംമൂടി അഴിഞ്ഞുവീണതോടെ ഇസ്രയേൽ ഉയർത്തുന്ന ഭീഷണിക്കെതിരെ രക്ഷാസമിതി നാളിതുവരെയായി തുടർന്നുപോരുന്ന നിസ്സംഗനയം ഇനിയും തുടരാനുള്ള ന്യായം നഷ്ടപ്പെട്ടിരിക്കുന്നു. ഇസ്രയേൽ ഭരണകൂടം നിയമവിരുദ്ധമായി സ്വന്തമാക്കിയ ആണവായുധങ്ങളോടുള്ള രക്ഷാസമിതിയുടെ പ്രതികരണം, യു.എൻ ചാർട്ടറിന്റെ 24-ാം ഖണ്ഡികപ്രകാരം തങ്ങൾ ബാധ്യസ്ഥമായവിധം പ്രവർത്തിക്കാൻ സമിതി ഒരുക്കമുണ്ടോ അതോ രക്ഷാസമിതിയെന്നത് ഏതാനും സ്ഥിരാംഗങ്ങൾക്ക് തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്ക് ദുരുപയോഗം ചെയ്യാനുള്ള ഒരു ആയുധം മാത്രമാണോ എന്നു വ്യക്തമാക്കും" (irna.com.en).

രക്ഷാസമിതി അക്ഷരാർഥത്തിൽ അമേരിക്കക്കിന്ന് 'രക്ഷാ'സമിതിയാണ്. തങ്ങളുടെ സാമ്രാജ്യത്വ മോഹങ്ങൾക്കൊത്ത് ന്യായവാദങ്ങൾ പടച്ചുണ്ടാക്കാൻ തങ്ങളുടെ 'രക്ഷ'ക്കെത്തുന്ന സമിതി. ഒപ്പം, തെമ്മാടി രാഷ്ട്രമായ തങ്ങളുടെ മാനസപുത്രൻ ഇസ്രയേലിന്റെ ചെയ്തികൾക്കെതിരെ വല്ലവരും വല്ലപ്പോഴും മുഖം ചുളിക്കുമ്പോൾ 'വീറ്റോ' ഉപയോഗിച്ച് 'രക്ഷിച്ചെടുക്കാനുള്ള' സമിതി. രക്ഷാസമിതിയിൽ ഇസ്രയേലിനെ സംരക്ഷിക്കാൻ മാത്രമുള്ള അമേരിക്കൻ സംവിധാനത്തിന്റെ പേരാകുന്നു ഇന്ന് 'വീറ്റോ!' നീതിയോടുള്ള പ്രതിബദ്ധതയല്ല, അമേരിക്കയോടുള്ള ഭയമാണ് ഇതര അംഗരാജ്യങ്ങളെ അമേരിക്കയുടെ 'റാൻ' മൂളികളാക്കുന്നത്.

സ്വാഭാവികമായും ഇസ്രയേലിനെതിരെ ചെറുവിരലനക്കാൻ ആണവോർജ ഏജൻസിക്കും ധൈര്യമില്ല. 'ഇസ്രയേലിന് 200-ലേറെ ആണവായുധങ്ങളുണ്ടെന്ന് തങ്ങൾക്കറിയാമെന്നും എന്നാൽ ആ രാജ്യത്തിനെതിരെ നടപടികളൊന്നുമെടുക്കാനായിട്ടില്ലെ'ന്നുമാണ് ഏജൻസിയുടെ തലവൻ മുഹമ്മദ് അൽബറാദിയുടെ കുമ്പസാരം.

ഇറാനെതിരെ യു.എൻ രക്ഷാസമിതി ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധ നടപടിയിൽ തീർത്തും തണുപ്പനാണ് അറബ്ലോകത്തിന്റെ പ്രതികരണം. എന്നല്ല, ഡിസംബർ മാസത്തിൽ രക്ഷാസമിതിയിൽ അധ്യക്ഷത വഹിച്ച ഖത്തറിന്റെ കാർമികത്വത്തിലും പിന്തുണയോടെയുമാണ് പ്രമേയം പാസ്സായത്. ഇത് കേവലം ഖത്തറിന്റെ മാത്രം നിലപാടല്ലെന്നും, ഇതര അറബ്നാടുകളുടെകൂടി പിന്തുണയും സമ്മർദവുമാണ് ഖത്തറിനെ പഴയ നിലപാടിൽനിന്നും മാറി പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്യാൻ പ്രേരിപ്പിച്ചതെന്നുമാണ് വിലയിരുത്തപ്പെടുന്നത്. മാസങ്ങൾക്കു മുമ്പ് വിഷയം ആദ്യമായി രക്ഷാസമിതിയിൽ എത്തിയപ്പോൾ എതിർത്തു വോട്ട് ചെയ്ത ഏക രാഷ്ട്രം ഖത്തറായിരുന്നു.

അറബ്ലോകം പ്രത്യക്ഷത്തിൽ പറയുന്ന ന്യായം, ബൂശഹ്റിലെ ആണവനിലയം മേഖലയുടെ സുരക്ഷിതത്വത്തിനു ഭീഷണിയാണെന്നതാണ്. എങ്കിൽ, ഇസ്രയേലിലെ 'ഡിമോണ' ആണവനിലയത്തിൽനിന്നും എന്തു സുരക്ഷയാണ് മേഖലക്കുള്ളത്? മധ്യ-പൗരസ്ത്യ ദേശങ്ങൾക്കാകെ ഭീഷണിയാണ്, ഇറാനിൽനിന്നും ഏറെയൊന്നും അകലെയല്ലാത്ത 'ഡിമോണ' ആണവനിലയം. കാരണം, ദശകങ്ങളായി അവർ ഏർപ്പെട്ടിരിക്കുന്നത് ആണവായുധ നിർമിതിയിലാണെന്നുതന്നെ. ഇറാനെതിരെയുണ്ടാവുന്ന ഏതൊരു ആണവാക്രമണത്തിന്റെയും ദുരന്തഫലം മേഖലയൊന്നായി ഏറ്റുവാങ്ങേണ്ടിവരുമെന്നിരിക്കെ, ബൂശഹ്ർ ആണവനിലയമാണ് ഇസ്രയേലിന്റെ കൈയിലുള്ള ആണവായുധങ്ങളേക്കാൾ തങ്ങളെ അസ്വസ്ഥരാക്കുന്നതെന്നതാണോ?

പിൻകുറി: ഇറാനെതിരായ അമേരിക്കൻ ആക്രമണം ഏപ്രിലോടെ നടക്കുമെന്നാണ് കുവൈത്തിൽനിന്നും പ്രസിദ്ധീകരിക്കുന്ന *അറബ് ടൈംസ്* പത്രത്തിന്റെ എഡിറ്റർ അഹ്മദ് അൽജാറല്ല എഴുതുന്നത്. ബുഷ്-ചെനി-റൈസ്-ഗേറ്റ്സ് സംഘം എല്ലാ വിശദാംശങ്ങളോടെയും ഒരു വ്യോമാക്രമണത്തിനുള്ള പദ്ധതി തയാറാക്കിയിട്ടുണ്ടത്രെ. ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ ഏപ്രിൽ അവസാനത്തോടെ പടിയിറങ്ങാനിരിക്കെ, അതിനു മുമ്പേ ഇറാനെ ആക്രമിച്ച് ബ്ലെയറിന് 'ഗംഭീര' യാത്രയയപ്പ് നൽകാനാണ് പരിപാടി! ■

Email: mujeebkv68@hotmail.com,
kvchemnad@yahoo.com